# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** **0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം ( എം1)131/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കോതമംഗലം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.(ആമുഖക്കത്ത് സഹിതം)
2.ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം.(ആമുഖക്കത്ത് സഹിതം)
3.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.(ആമുഖക്കത്ത് സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം ( എം1)131/2024 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി എൽ | ജോയിന്റ് ഡയറക്ടർ | 22-01-2024 | 05-02-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 05-02-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ് ജെ., ഓഡിറ്റ് ഓഫീസർ

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ

ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അലി എ., ഓഡിറ്റർ

ശ്രീ.മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടോമി എബ്രഹാം | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ അൻസൽ ഐസക് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബോബി ഈപ്പൻ | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ സാജു ഇ പി | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ(ചാർജ്) | 01-04-2022 | 14-09-2022 |
| ശ്രീമതി ഷിബി എൽ | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | 15-09-2022 | 31-03-2023 |
| ഡോ അഞ്ജലി എൻ യു | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-04-2022 | 28-02-2023 |
| ഡോ.സാം പോൾ സി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 01-03-2023 | 31-03-2023 |
| ഡോ സജി ജോൺ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.മെർലി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി മുംതാസ് എം എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ സുജിത് പി രാഘവൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-08-2022 | 06-12-2022 |
| ശ്രീമതി സിജി വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 07-12-2022 | 31-03-2023 |
| ശ്രീ എൽദോസ് പോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 17-12-2022 |
| ശ്രീമതി രതിദേവി എൻ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 18-12-2022 | 22-12-2022 |
| ശ്രീമതി ഷൈലജ കെ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 23-12-2022 | 05-01-2023 |
| ശ്രീമതി ഫാത്തിമ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 06-01-2023 | 31-03-2023 |
| ശ്രീ രാജീവൻ ഐ വി | പ്രൊജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ജോ ജെ | ക്ലീൻ സിറ്റി മാനേജർ | 01-04-2022 | 29-08-2022 |
| ശ്രീ ഷാജി ഒ എം | ക്ലീൻ സിറ്റി മാനേജർ | 30-08-2022 | 27-11-2022 |
| ശ്രീ സഞ്ജീവ്കുമാർ എസ് | ക്ലീൻ സിറ്റി മാനേജർ | 28-11-2022 | 31-03-2023 |
| ശ്രീ ജിയോ ജോസ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 26-08-2022 |
| ശ്രീ ബാബുരാജ് കെ കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 27-08-2022 | 19-10-2022 |
| ശ്രീ സാജൻ ജോസഫ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 20-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അലോട്ട്മെന്റില്ലാതെ തുക ചെലവാക്കി | 1-1-1 |
| 3 | കുടിവെള്ളക്കര കുടിശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | റെസ്റ്റോറേഷൻ ചാർജിൽ ഉൾപ്പെട്ട ജി എസ് ടി കണക്കാക്കി അക്കൗണ്ട് ചെയ്തില്ല. | 1-1-3 |
| 5 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാനം അവലോകനം | 1-11 |
| 17 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-അപാകതകൾ | 1-13 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 20 | രസീത് ബുക്ക് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല | 1-15 |
| 21 | ലേലം - ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-16 |
| 22 | കന്നുകുട്ടി പരിപാലനം - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടത് സംബന്ധിച്ച്. | 1-17 |
| 23 | മൃഗാശുപത്രിക്ക് ഫ്രിഡ്ജ് വാങ്ങിയതിൽ അപാകത | 1-18 |
| 24 | പാലിയേറ്റീവ് പരിചരണം-യഥാസമയം തുക അനുവദിച്ചില്ല. | 1-19 |
| 25 | ആനുകൂല്യം അക്കൗണ്ടിൽ ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 26 | കാർഷിക കർമ്മസേനയ്ക്ക് യൂണിഫോം-മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല | 1-21 |
| 27 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-22 |
| 28 | വെള്ളക്കരം - വലിയ തുക കുടിശ്ശിക നിലനിൽക്കുന്നു. | 1-23 |
| 29 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-24 |
| 30 | സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 1-25 |
| 31 | സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയത് - വ്യവസ്ഥകൾ പാലിച്ചില്ല | 1-26 |
| 32 | ഗ്രാന്റ് വിനിയോഗിച്ചില്ല | 1-27 |
| 33 | മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു | 1-28 |
| 34 | ഹരിത കർമ്മ സേന-പ്രവർത്തനങ്ങളിലെ അപാകതകൾ | 1-29 |
| 35 | ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റ്-ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-30 |
| 36 | വൈദ്യുതി പോസ്റ്റ് മാറ്റൽ, ലൈൻ നീട്ടൽ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 37 | കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ– വിനിയോഗവിവരം ലഭ്യമായിട്ടില്ല. | 1-32 |

| | | |
|---|---|---|
| 38 | ഓഫീസിലേക്ക് സാധനങ്ങൾ വാങ്ങൽ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്. | 1-33 |
| 39 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 40 | കേരള സാമൂഹ്യ സുരക്ഷ മിഷനിലേക്ക് സംഭാവന നൽകൽ – വിനിയോഗ വിവരം ലഭ്യമായിട്ടില്ല. | 1-35 |
| 41 | എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-36 |
| 42 | ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-37 |
| 43 | ഡി.ഇ.ഒ യുടെ പ്രൊജക്ട് - പാലിന് അധികം സബ്സിഡി നൽകിയത് | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ക്ഷീരവികസന പ്രൊജക്ട് - പാലിന് അധിക സബ്സിഡി നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**1.കോതമംഗലം** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 27.06.2023 ലെ **33(i)-ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 28.06.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോതമംഗലം മുനിസിപ്പാലിറ്റിയുടെ **2022-23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:20/03/2024 **ജോയിന്റ് ഡയറക്ടർ**

### 1-1-1 അലോട്ട്മെന്റില്ലാതെ തുക ചെലവാക്കി

സി എഫ് സി (അൺടൈഡ്) ഗ്രാന്റ് ഉപയോഗിച്ച് ചെയ്യേണ്ട പ്രോജക്ടുകൾ ആയതിന്റെ അലോട്ട്മെന്റില്ലാതെ സി എഫ് സി (ടൈഡ്) ഉപയോഗിച്ച് ചെയ്തതിനാൽ B4 ഷെഡ്യൂളിൽ സി എഫ് സി (അൺടൈഡ്) ഗ്രാന്റ് നീക്കിയിരിപ്പ് നെഗറ്റീവ് ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-2 കുടിവെള്ളക്കര കുടിശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ 2023 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം ₹12744749/- കുടിശികയുണ്ട്. എന്നാൽ, കുടിവെള്ളക്കര കുടിശിക അക്കൗണ്ട് ചെയ്ത് B9 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

### 1-1-3 റെസ്റ്റോറേഷൻ ചാർജിൽ ഉൾപ്പെട്ട ജി എസ് ടി കണക്കാക്കി അക്കൗണ്ട് ചെയ്തില്ല.

ഭാരതി എയർടെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 1122110900033/01.11.2022 രസീത് നമ്പർ പ്രകാരം ₹17,24,648/- റോഡ് റെസ്റ്റോറേഷൻ ചാർജായി സ്വീകരിച്ചിട്ടുണ്ട്. Road Cutting Charges (140700100) എന്ന റവന്യൂ ശീർഷകത്തിലാണ് ടി തുക പൂർണ്ണമായും അക്കൗണ്ട് ചെയ്തിരിക്കുന്നത്. റോഡ് റെസ്റ്റോറേഷൻ ചാർജിൽ 12% ജി എസ് ടി കൂടി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ, റെസ്റ്റോറേഷൻ ചാർജിൽ ഉൾപ്പെട്ട ജി എസ് ടി കണക്കാക്കി Goods Services Tax എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

### 1-1-4 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

### 1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 25.03.2022 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 21.03.2023-ലെ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | |
|---|---:|
| മുന്നിരുപ്പ് | ₹15973400 |
| വരവ് | ₹422252550 |
| ആകെ | ₹438225950 |
| ചെലവ് | ₹422632950 |
| നീക്കിയിരുപ്പ് | ₹15593000 |

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---:|
| മുന്നിരുപ്പ് | : | ₹5,06,36,968.40 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹30,19,97,513.00 |
| ആകെ | : | ₹35,26,34,481.40 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹27,39,07,696.00 |
| നീക്കിയിരുപ്പ് | : | ₹7,87,26,785.40 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) | നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 4,21,87,170 | 4,21,87,170 | 4,06,05,771 | 15,81,399 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | 1,19,80,000 | 1,19,80,000 | 73,90,210 | 45,89,790 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | 3,31,91,000 | 3,31,91,000 | 2,83,80,074 | 48,10,926 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | 1,50,76,000 | 1,50,76,000 | 95,20,597 | 55,55,403 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Tresury | - | 1,63,098 | 1,63,098 | 1,55,898 | 7,200 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | 4,94,622 | 64,70,094 | 69,64,716 | 1,04,06,457 | - | -34,41,741 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Treasury | - | 1,01,69,363 | 1,01,69363 | 45,59,903 | 56,09,460 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | 78,10,897 | 92,83,000 | 1,70,93,897 | 1,16,87,852 | - | 54,06,045 |
| എൻയുഎൽഎം | 0 | 7,79,145 | 7,79,145 | 7,79,145 | - | 0 |
| എസ്എൻപി | 17,560 | 13,26,288 | 13,43,848 | 12,03,519 | - | 1,40,329 |
| സ്വച്ഛ് ഭാരത് | 13,81,431 | 0 | 13,81,431 | 40,389 | - | 13,41,042 |
| ആർഎംഎസ്എ | 12,27,803 | 0 | 12,27,803 | 0 | - | 12,27,803 |
| സിഎസ്ആർ ഫണ്ട് | 1,51,210 | 0 | 1,51,210 | 47,700 | - | 1,03,510 |
| ആയുഷ് മിഷൻ ഫണ്ട് | 0 | 5,00,000 | 5,00,000 | 0 | - | 5,00,000 |
| ഹെൽത്ത് ഗ്രാന്റ് | 0 | 83,27,096 | 83,27,096 | 3,52,419 | - | 79,74,677 |
| സോളി് വേസ്റ്റ് മാനേജ്മെന്റ് | 64,75,159 | 77,31,644 | 1,42,06,803 | 0 | - | 1,42,06,803 |
| പിഎംഎവൈ | 62,46,064 | 3,41,35,257 | 4,03,81,321 | 2,79,92,456 | - | 1,23,88,865 |
| അങ്കണവാടി നെയിം ബോർഡ് ഗ്രാന്റ് | 1,496 | 0 | 1,496 | 0 | - | 1,496 |

*കുറിപ്പ്:*

1) വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹9317800/- ഉൾപ്പെടുന്നുണ്ട്. കൂടാതെ S0217/23 നമ്പർ പ്രോജക്ടിന്റെ ബിൽ നം. 432/31.03.23 പ്രകാരമുള്ള ₹100000/- ചെലവ് ക്യൂ ബിൽ ആയിട്ടാണ് മാറിയിട്ടുള്ളത്.

2) വികസന ഫണ്ട് എസ് സി പി വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹586668/- ഉൾപ്പെടുന്നുണ്ട്.

3) സംരക്ഷണ ഗ്രാന്റിൽ (റോഡ്) S0171/23 നമ്പർ പ്രോജക്ടിന്റെ ബിൽ നം. 415/28.03.23 പ്രകാരമുള്ള ₹122406/- ചെലവ് ക്യൂ ബിൽ ആയിട്ടാണ് മാറിയിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank വരവിൽ ബാങ്ക് പലിശ ₹281594/- ഉൾപ്പെടുന്നുണ്ട്. കൂടാതെ S0276/23 നമ്പർ പ്രോജക്ടിന്റെ 452/31.03.23 നമ്പർ ബില്ലിൽ മറ്റ് വകുപ്പുകളിലേക്ക് അടക്കാനായി കുറവ് ചെയ്ത ₹158380/- അടവാക്കാത്തതിനാൽ നീക്കിയിരുപ്പിൽ ഉൾപ്പെടുന്നുണ്ട്.

5) ധനകാര്യ കമ്മീഷൻ അവാർഡിൽ (Tied) Bank S0259/23 നമ്പർ പ്രോജക്ടിന്റെ 451/31.03.23 നമ്പർ ബില്ലിൽ മറ്റ് വകുപ്പുകളിലേക്ക് അടക്കാനായി കുറവ് ചെയ്ത ₹89987/- അടവാക്കാത്തതിനാൽ നീക്കിയിരുപ്പിൽ ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 293 | 194800910 | 284 | 111293757 | 189 | 95 | 9 | 64.50 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ₹1,00,740 | ₹49,05,103 | ₹50,05,843 | ₹50,00,453 | ₹5,390 |

ബാങ്ക് പലിശ ₹5843/- വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾക്കായുള്ള വരവ്-ചെലവ് തുകകൾ AFS-ൽ ഉൾപ്പെടുത്താത്തതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2,290,200 | 181 |
| വിധവാപെൻഷൻ | 15,498,600 | 1345 |
| വാർദ്ധക്യകാല പെൻഷൻ | 33,487,100 | 3263 |
| വികലാംഗപെൻഷൻ | 4,382,400 | 384 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 8,01,000 | 68 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2024 തീയതിയിൽ ഉച്ചയ്ക്ക് 3.30 PM സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹38952.00 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന പരാമർശങ്ങളിൽ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്:-

1) പദ്ധതികളുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. കൃഷി പ്രൊജക്ടുകളുടെ ആനുകൂല്യം ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമാകാത്തത് ഒരു മാസത്തിനുള്ളിൽ പരിഹരിക്കേണ്ടതായിരുന്നുവെങ്കിലും ശരിയായ മോണിട്ടറിംഗിന്റെ അഭാവത്തിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുകയോ പരിഹരിക്കുകയോ ചെയ്തില്ല.

2) കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ ഈ നിർദ്ദേശം പാലിക്കുന്നില്ല.

3) പാലിയേറ്റീവ് പരിചരണം പോലെ അനിവാര്യമായി നടപ്പാക്കേണ്ട പ്രൊജക്ടുകളുടെ ചെലവ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ യഥാസമയം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4) ഒരു തദ്ദേശ സ്ഥാപനത്തിലെ വോട്ടർമാരാണ് പ്രൊജക്ടുകളിലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടേണ്ടത്. ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതിയിൽ ഒരു ഗുണഭോക്താവിന്റെ റേഷൻകാർഡ് പ്രകാരം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5) വാങ്ങലുകൾ നടത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയിട്ടുള്ള പദ്ധതികളിൽ ₹5000.00 മുകളിലുള്ള വാങ്ങലുകളിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതായി കാണുന്നു. ഈ അപാകത ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2016 മുതൽ 30.07.2016 വരെ | 2013-14 2nd Half മുതൽ 2014-15 1st Half വരെ | 14.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2019 മുതൽ 20.09.2019 വരെ | 2017-18 മുതൽ 2018-19 വരെ | 29.10.2019 |

## 1-11 തനത് വരുമാനം അവലോകനം

31 വാർഡുകളിലായി വ്യാപിച്ചാണ് കോതമംഗലം നഗരസഭ സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി നഗരസഭ സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല. തൊഴിൽ നികുതി ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ 1-12, 1-13, 1-14 എന്നീ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

2)വിനോദ നികുതി

നഗരസഭ പരിധിയിലുള്ള സിനിമാ തീയറ്ററുകളിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ വിനോദ

നികുതി ഇനത്തിൽ ₹ 38,66,924/- നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. സിനിമാ തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി സ്ഥാപനം അടവാക്കിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3)വസ്തു നികുതി

വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വസ്തു നികുതി | തുക (₹) |
|---|---|---|
| 1 | തൻ വർഷം | 7,975,134 |
| 2 | മുൻ വർഷങ്ങളിലേത് | 15,688,338 |
| | ആകെ | 23,663,472 |

ആയത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നഗരസഭ പരിധിയിൽ ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നികുതി ചോർച്ച തടയേണ്ടതാണ്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3. സിനിമാ തീയേറ്റർ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്ന റിട്ടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയേറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

4. നഗരസഭ വാർഡുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

5. നഗരസഭയുടെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ശ്രദ്ധിക്കേണ്ടതും, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

**1-12 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് ബിസിനസ് നടത്തുകയോ അല്ലെങ്കിൽ

മുനിസിപ്പൽ പ്രദേശത്തിന്റെ വെളിയിൽ ബിസിനസ് നടത്തുകയും എന്നാൽ അതിന്റെ മുഖ്യ ഓഫീസോ അതിന്റെ ബിസിനസ് എവിടെ നിന്നും നിയന്ത്രിക്കപ്പെടുന്നവോ ആ സ്ഥലമോ ഏതെങ്കിലും അർദ്ധവർഷത്തിലെ ആകെ കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ആയിരിക്കുകയും ചെയ്യുന്നതായ ഏതൊരു കമ്പനിയും സ്ഥാപന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. കോതമംഗലം നഗരസഭയുടെ തൊഴിൽ നികുതി പിരിവ് രജിസ്റ്റർ സൂക്ഷിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം | അർദ്ധവർഷ തൊഴിൽ നികുതി |
|---|---|---|---|---|
| 1 | I | Dharmagiri Vikas Center Hotel & Training Center | I& II | 1250 |
| 2 | I | Sunny KK San Electricals | I &II | 180 |
| 3 | I | Sndeep Computers | I&II | 180 |
| 4 | II | Manager UAE Exechange | I &II | 1250 |
| 5 | II | Sijo Joseph Mini Fashion | I &II | 300 |
| 6 | II | Glaison PA Paris Fashion | I &II | 300 |
| 7 | II | Jolly Joy Mariyam Tailoring | I &II | 180 |
| 8 | II | Biju Kumar Advocate Office | I &II | 180 |
| 9 | II | K S Appu Sweetland Bakery | I &II | 180 |
| 10 | II | Branch Manager Axis Bank | I &II | 1250 |
| 11 | II | Manager New Inida Insurance Ltd | I &II | 1250 |
| 12 | II | Shijo K G Kallikkattil Exellent Photostate | I &II | 300 |
| 13 | II | Chackochan K C Power Tools | I &II | 180 |
| 14 | II | Naushad A A Molathan | I &II | 120 |
| 15 | II | Mans Antony Mundackal Stors | I &II | 750 |
| 16 | II | Elias P C Perumbumkudiyil Palace | I &II | 180 |
| 17 | II | Nice Chackochan Nice Decorations | I &II | 300 |
| 18 | II | Khader Kizhakkekunnel Malabar Chips | I &II | 180 |
| 19 | II | Ramachandran R Poikayil Lotus Bakery | I &II | 300 |
| 20 | II | Paul Oliyapuram Work Shop | I &II | 600 |
| 21 | II | K A Joy Kezhamaden Ration Shop | I &II | 180 |
| 22 | II | Subash Baby Best Uppolsury | I &II | 300 |
| 23 | II | Philomina Jose Thekkekera Sawmill | I &II | 1000 |
| 24 | II | Shiju E A Exel Maruthi Servies | I &II | 1000 |
| 25 | II | Nickson Jose, Vinod Jose Exel Maruthi Servies | I &II | 750 |
| 26 | II | Shajan Mathew Emees Industries | I &II | 750 |
| 27 | II | Mahesh Manoj Friends Auto | I &II | 180 |

| | | | | |
|---|---|---|---|---|
| | | Garrege | | |
| 28 | II | Shibi Reji Chavara Ladies & Kids Tailoring | I &II | 180 |
| 29 | III | Peter Thakidiyil Angle Cold Storage | I &II | 180 |
| 30 | III | E V Mathai & Sons Rubber Delers | I &II | 1250 |
| 31 | IV | Raju Kandathikudy Stationary &Taxtiles | I &II | 450 |
| 32 | IV | Krishnan Enjanipuzha Stationary | I &II | 180 |
| 33 | IV | Anto Raphel Anna Bakery | I &II | 300 |
| 34 | IV | Mariyamma Provision Stores | I &II | 180 |
| 35 | IV | Benny Varghese Elavumthuruthel | I &II | 300 |
| 36 | IV | Jessy Sabu Needle Magic | II | 180 |
| 37 | IV | Proppritor Ponnu Coid Storage | I &II | 180 |
| 38 | IV | Basil Beel & Cycles | I &II | 180 |
| 39 | IV | Sini Sabu White Shop | I &II | 180 |
| 40 | IV | Kannan Black & White Shop | I &II | 180 |
| 41 | V | Kannan Sasi Black & White | I &II | 180 |
| 42 | V | Chandrakumar Cold Storage | I & II | 180 |
| 43 | V | Lekha L&L Fuels | I &II | 1250 |
| 44 | VI | Collines Mathew Best Marketing | I &II | 300 |
| 45 | VI | Jnesh Scaria Poultry Farm | I &II | 300 |
| 46 | VIII | Manager Water Kindom | I &II | 600 |
| 47 | VIII | Devan Devan & Co | I &II | 1250 |
| 48 | VIII | Leelamma Xavier Bakery | I &II | 1250 |
| 49 | XI | P A Hormis Abraham Ayyanattu Rubber Estate | I &II | 1250 |
| 50 | XI | P A Abraham Tharakan Ayyanattu Rubber Estate | I &II | 1250 |
| 51 | XI | Annamma Hormis Tharakan Ayyanattu Rubber Estate | I &II | 1250 |
| 52 | XI | P G Hormis Tharakan | I &II | 1250 |
| 53 | XI | Katherin Antony | I &II | 1250 |

മേൽ പരാമർശിച്ചിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി (ഒന്നും, രണ്ടും അർദ്ധ വർഷം) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 1/30.01.24) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പരാമർശിച്ച എല്ലാ സ്ഥാപനങ്ങളുടേയും സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത്, ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല-അപാകതകൾ**

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 245 മുതൽ 259 വരെ, ചട്ടങ്ങൾ 2005 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയിലെ ധാരാളം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കോതമംഗലം നഗരസഭയുടെ പരിധിയിൽ ഉള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് രജിസ്റ്റർ സൂക്ഷിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. ഏതാനും സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | I | Manager Esaf SF Bank | I &II |
| 2 | I | Administrator St.Joseph Hospital | I |
| 3 | I | Sr. Veterinary Surgon Veterinary Hospital | I &II |
| 4 | I | Branch Manager Bank Of Beroda | I &II |
| 5 | I | Block Development Officer BDO | I |
| 6 | I | Br.Manager Asirvad Micro Finance | I |
| 7 | I | Manager Popular Motor Wold Pvt Ltd | I |
| 8 | I | Br. Manager Mahindra Rural Housing Finance | I |
| 9 | I | Br. Manager Unimoni Finance Servies | I |
| 10 | I | Muthoot Diagnostics (MVG Health) | II |
| 11 | I | Br. Manager KSFE | I &II |
| 12 | I | Judicial Ist Class Magistrate II | I |
| 13 | I | Br. Manager Axis Bank | II |
| 14 | I | Judicial Ist Class Magistrate Court II | I &II |
| 15 | I | United India Insurance Co-Ltd | I |
| 16 | I | Scheduled Cast Development Officer Grade II | II |
| 17 | II | Manager Medi Health | I |
| 18 | II | Officer Of The Asst.Public Prosecutor JFC MC II | I &II |
| 19 | II | Asst.Public Prosecutor Gr.I Belji Thomas | I &II |
| 20 | II | Thaluk Legal Services Committe | II |
| 21 | II | Bank Of Beroda | I |
| 22 | IV | H M Govt.LPS Karinguzha | II |
| 23 | VIII | Principal St. Augustine GHSS | I |
| 24 | XI | H M Kothamangalam Municipal LPS Valiyapara | I |
| 25 | XVI | Proprietor Malayalam Vehicles | I &II |

| | | | |
|---|---|---|---|
| 26 | XVII | Secretary Kothamangalam Club | I &II |
| 27 | XVII | RTO Kothamangalam | II |
| 28 | XVII | Br. Manager Canara Bank | II |
| 29 | XVII | Br. Manager ICL Fin Corp | I &II |
| 30 | XVII | Inspector Of Police | I |
| 31 | XIX | Kerala Samuhya Suraksha Mission Vayomithram | I &II |
| 32 | XIX | Mathson Gas Services | II |
| 33 | XIX | Lakshmi Jewellery | II |
| 34 | XIX | Br. Manager Reliance | I &II |
| 35 | XIX | Manager Kuttichira Jewellery | I &II |
| 36 | XIX | Asst. Director Of Co-Op. Audit | I &II |
| 37 | XXII | Asst. Engineer N H Sub Division | I &II |
| 38 | | Manager Reliant Credit India Ltd | I &II |
| 39 | | Asst. Exe. Engineer PWD Roads Sub Division Mini Civil Station | I &II |
| 40 | | Br. Manager Syndicate Bank (Canara Bank) | I &II |
| 41 | | Asst. Commissioner Of Food Mini Civil Station | I &II |
| 42 | | Br. Manager Ernakulam Dist. Co-Op Bank | I &II |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ഒന്നും, രണ്ടും അർദ്ധ വർഷം) ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 2/30.01.24) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്, ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

നഗരസഭയുടെ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ കരാർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് | ക്രമ നം. | കരാറുകാരുടെ പേര് |
|---|---|---|---|
| 1 | A R Santhoshkumar | 15 | Shaju Mathai |
| 2 | Bijumon P A | 16 | Faizal O A |
| 3 | Binu K Varghese | 17 | Rabins P M |
| 4 | C M Sathar | 18 | Jeeva Reji |
| 5 | Denny P J | 19 | Vinish H Mohanan |
| 6 | Hameed K E | 20 | Baby P P |

| | | | |
|---|---|---|---|
| 7 | Jose C V | 21 | Sabu R |
| 8 | P A Paully | 22 | Aliyar E M |
| 9 | Paul Antony | 23 | Alvin Valsalan |
| 10 | Saji K Koya | 24 | Yazar Arafath |
| 11 | V M Sainudeen | 25 | Antony Devassy |
| 12 | Binu Paul | 26 | Synergy Architects & Engineers |
| 13 | Varghesekutty M K | 27 | Kammath Electricals |
| 14 | T K Aliyar | 28 | Hightech |

മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 3/30.01.24) മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്, ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 രസീത് ബുക്ക് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല**

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 20.02.2023 ന് ഇഷ്യൂ ചെയ്ത രസീത് ബുക്ക് നമ്പർ 18 പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഔട്ട്ഡോർ കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ഇതേ തുടർന്ന് ഓഡിറ്റ് റിക്വസിഷൻ (നം.2, 02.02.2024), ഓഡിറ്റ് എൻക്വയറി (നം.16, 02.02.2024) എന്നിവ നൽകി. രസീത് കണ്ടെത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. രസീത് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-16 ലേലം - ജി.എസ്.ടി ഈടാക്കിയിട്ടില്ല**

2022-23 വർഷത്തിൽ നഗരസഭയിലെ ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിന് ₹10,07,000.00 കും മാർക്കറ്റ് ഫീസ് പിരിക്കുന്നത് ₹70,000/-കുമാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. ലേലത്തുക മുഴുവനായി നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ഈടാക്കിയ തുകയ്ക്ക് ബാധകമായ 18% ജി.എസ്.ടി. ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

**(1) ബസ് സ്റ്റാൻഡ് ഫീസ്**

| രസീത് നമ്പർ, തീയതി | തുക |
|---|---|
| 121040114735, 24.02.2022 | 2,34,800 |
| 121040117412, 19.03.2022 | 51,000 |
| 121040400109, 19.03.2022 | 50,000 |
| 122040102516, 31.05.2022 | 1,11,000 |
| 122040103723, 30.06.2022 | 1,12,040 |
| 122040105540, 16.08.2022 | 1,12,040 |
| 122040107197, 20.09.2022 | 1,12,040 |
| 122040110073, 14.11.2022 | 2,24,080 |
| ആകെ | 10,07,000 |

**(2) മാർക്കറ്റ് ഫീസ്**

| രസീത് നമ്പർ, തീയതി | തുക |
|---|---|

| | |
|---|---|
| 121040119015, 31.03.2022 | 25000 |
| 122040101184, 04.05.2022 | 7500 |
| 122040102735, 06.06.2022 | 7500 |
| 122040103938, 06.07.2022 | 7500 |
| 122040105202, 08.08.2022 | 7500 |
| 122040106600, 13.09.2022 | 7500 |
| 122040108300, 10.10.2022 | 7500 |
| ആകെ | 70,000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 29, 03.02.2024) മറുപടി നൽകിയിട്ടില്ല. 2017 ലെ ജി.എസ്.ടി.ആക്ട് സെക്ഷൻ 7(2)(ബി) പ്രകാരം 18% ജി.എസ്.ടി ഈടാക്കി ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-17 കന്നുകുട്ടി പരിപാലനം - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ക്രമീകരിക്കേണ്ടത് സംബന്ധിച്ച്.**

| | |
|---|---|
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലനം - വനിത |
| പ്രോജക്ട് നം | S0 140/23 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 2500000/-(1250000/-വികസന ഫണ്ട്-ജനറൽ<br>1250000/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | 1250000/-(വികസന ഫണ്ട്-ജനറൽ)<br>(P11/2020-21 Dated 23.03.2021) |

1) ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനായുള്ള മേൽ പദ്ധതിയിൽ 100 കന്നുകുട്ടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനവിഹിതം ലഭ്യമല്ലാത്തതിനാൽ കന്നുകുട്ടി ഒന്നിന് സബ്സിഡി തുകയായ ₹12500/- യാണ് നഗരസഭ വകയിരുത്തി പ്രോജക്ട് ഓഫീസർ, ICDP ആലുവ-യ്ക്ക് കൈമാറിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന മൂന്ന് ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വീട്ടുപേര് | കന്നുകുട്ടി നം. | പദ്ധതിയിൽ നിന്ന് ഒഴിവായ മാസം | ചെലവായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | നളിനി മോഹനൻ ചെങ്ങമല | 420047/178847 | 08/2023 | 5375 | 7125 |
| 2 | സലോമി പൌലോസ് മറാച്ചേരി | 420047/178797 | 08/2023 | 5375 | 7125 |
| 3 | ആനി മാത്യു പാറപ്പുറം | 420047/179073 | 07/2023 | 4475 | 8025 |
| | | | ആകെ | 15225 | 22275 |

മൂന്ന് ഗുണഭോക്താക്കൾക്ക് നൽകിയ ആകെ തുക : 12500x3 =37500/-

ചെലവായ തുക : 37500-15225= 22275/-

അവശേഷിക്കുന്ന തുക : 22275/-

പദ്ധതി പൂർത്തികരിക്കുന്ന മുറക്ക് മേൽ പട്ടിക പ്രകാരം ചിലവാകാതെ അവശേഷിച്ച ₹22275/- രൂപ പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ തുടർന്ന് വരുന്ന പദ്ധതികളിൽ ക്രമീകരിച്ചിട്ടുണ്ടോ എന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 4/01.02.24) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച പദ്ധതിയിൽ ചെലവാകാതെ അവശേഷിച്ച ₹22275/- രൂപ പ്രോജക്ട് ഓഫീസറിൽ നിന്നും തിരികെ ഈടാക്കുകയോ, തുടർന്ന് വരുന്ന പദ്ധതികളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) ഇൻഷ്വറൻസ് ക്ലയിം മേൽ പട്ടികയിലുള്ള ഗുണഭോക്താക്കൾക്ക് നൽകിയ കന്നുകുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നുള്ള വിവരം അറിയിക്കേണ്ടതാണ്.

## 1-18 മൃഗാശുപത്രിക്ക് ഫ്രിഡ്ജ് വാങ്ങിയതിൽ അപാകത

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 22000/- |
| ചെലവ് | 21800/- |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മൃഗാശുപത്രിക്ക് ഫ്രിഡ്ജ് വാങ്ങുക എന്ന പ്രോജക്ടിൽ ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നത് 220 ലിറ്റർ കപ്പാസിറ്റിയുള്ള ഫ്രിഡ്ജ് എന്നാണ്. പ്രസ്തുത ക്വട്ടേഷനിൽ ബിസ്മി മൂവാറ്റുപുഴയും, നന്തിലത്ത് ജീമാർട്ട് മുവാറ്റുപുഴയും പങ്കെടുക്കുകയും അതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത നന്തിലത്ത് ജീമാർട്ട് മുവാറ്റുപുഴയക്ക് ക്വട്ടേഷൻ ഉറപ്പിക്കുകയും ചെയ്തു. നന്തിലത്ത് ജീമാർട്ട് മൂവാറ്റുപുഴ 13/10/2022 തീയതിയിലെ INV NO. 04052 പ്രകാരം നൽകിയ കൊട്ടേഷനിൽ ഫ്രിഡ്ജിന്റെ മോഡൽ REFRIGERATOR LG GLB221ASCZSC എന്നാണ് കൊടുത്തിരിക്കുന്നത്. Invoice No. MVPA-221808395 Date 30/11/2022 പ്രകാരം സപ്ലൈ ചെയ്ത ബില്ലിൽ ഫ്രിഡ്ജിന്റെ മോഡൽ ഒന്നുതന്നെയാണ്. എന്നാൽ മൃഗാശുപത്രിയിൽ ഉള്ള ഫ്രിഡ്ജിന്റെ മോഡൽ GL3221ASCZ എന്നാണ്, ഈ ഫ്രിഡ്ജിനു 200 ലിറ്റർ കപ്പാസിറ്റിയുള്ളു. കൊട്ടേഷനിൽ പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനിൽ 220 ലിറ്റർ കപ്പാസിറ്റിയുള്ള ഫ്രിഡ്ജ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. 220 ലിറ്റർ കപ്പാസിറ്റിയുള്ള ഫ്രിഡ്ജിനു പകരം 200 ലിറ്റർ കപ്പാസിറ്റിയുള്ള ഫ്രിഡ്ജ് വാങ്ങിയതിന് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 32/05.02.24) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച വിഷയത്തിൽ വ്യക്തമായ വിശദീകരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പാലിയേറ്റീവ് പരിചരണം-യഥാസമയം തുക അനുവദിച്ചില്ല.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S5/23 പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന് ധനസഹായം |
| അടങ്കൽ തുക | ₹1270000/-(വികസന ഫണ്ട്) |
| ആകെ ചെലവ് തുക | ₹1220892/- |
| ബിൽ നമ്പർ/തീയതി/ തുക | 10/10.05.2022 തുക ₹319560.00<br>12/11.05.2022 തുക ₹51566.00<br>26/10.06.2022 തുക ₹67505.00<br>30/04.07.2022 തുക ₹65030.00<br>42/04.08.2022 തുക ₹77907.00<br>61/26.08.2022 തുക ₹31252.00<br>68/03.09.2022 തുക ₹33440.00<br>74/14.09.2022 തുക ₹48527.00<br>129/03.11.2022 തുക ₹109442.00<br>165/03.11.2022 തുക ₹80515.00<br>181/16.12.2022 തുക ₹72254.00<br>206/04.01.2023 തുക ₹84390.00<br>241/04.02.2023 തുക ₹64463.00 |

| | |
|---|---|
| | 300/15.03.2023 തുക ₹51916.00<br>386/28.03.2023 തുക ₹63125.00 |

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച മാർഗ്ഗരേഖ സ ഉ (സാധാ) നമ്പർ 553/2019/തസ്വഭവ തീയതി 07.03.2019 ഖണ്ഡിക നമ്പർ 2.15.2-ൽ ഹോംകെയർ ടീമിനുള്ള ഭക്ഷണം, കമ്മ്യൂണിറ്റി നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ പേയ്മെന്റുകൾ അടുത്ത മാസം 10ാം തീയതിക്ക് മുൻപായി നിർബന്ധമായും നൽകേണ്ടതാണ്. എന്നാൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഒക്ടോബർ 2021 മുതൽ ഫെബ്രുവരി 2022 വരെയുള്ള ₹319560/- യുടെ ബില്ലുകൾ സമർപ്പിച്ചിട്ടുള്ളത് അടുത്ത സാമ്പത്തിക വർഷം 10.05.2022-ൽ മാത്രമാണ്. 13.05.2022-ലാണ് തുക പാസ്സായിട്ടുള്ളത്. അങ്കണവാടി പോഷകാഹാര പദ്ധതി പോലെ തുടർച്ചയായി നടപ്പാക്കേണ്ട പദ്ധതിയാണിതെന്നും പ്രൊജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടി താല്ക്കാലികമായി തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് പിന്നീട് ക്രമീകരിക്കുന്ന രീതിയിൽ തുക കണ്ടെത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നിട്ടും യഥാസമയം പദ്ധതിയുടെ ബില്ലുകൾ മാറി തുക അനുവദിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് 02.02.2024-ൽ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയതിൽ 2021-22 സാമ്പത്തിക വർഷം പാലിയേറ്റീവ് പ്രൊജക്ടിന് ആദ്യം വകയിരുത്തിയിരുന്ന ₹1000000.00 പിന്നീട് വെട്ടിക്കുറച്ച് ₹640349.00 ആക്കിയതിനാലാണ് തുക തികയാതെ വന്നതെന്നും ജീവനക്കാരുടെ ഓണറേറിയം മുടക്കമില്ലാതെ നൽകിയിരുന്നെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം പോലെയുള്ള പദ്ധതികൾ തടസ്സം കൂടാതെ നടക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

**1-20 ആനുകൂല്യം അക്കൗണ്ടിൽ ലഭ്യമായില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.**

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുടെ ആനുകൂല്യം Bill Information Management System (BIMS) റിപ്പോർട്ട് പ്രകാരം ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ല. Returned To Government Account എന്നാണ് BIMS റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

1)

| | |
|---|---|
| പ്രോജക്ട് | S125/23 |
| പ്രോജക്ടിന്റെ പേര് | കിഴങ്ങുവർഗ്ഗ വിളകളുടെ വ്സ്തൃതി വ്യാപനം -സബ്സിഡി |
| അടങ്കൽ | ₹8,00,000/- (₹4,00,000.00 വികസന ഫണ്ട്-സാധാരണം, ₹4,00,000.00 മറ്റുള്ളവ) |
| ചെലവ് | ₹4,00,000.00 |
| ബിൽ നമ്പർ/തീയതി/ തുക | 379/28.03.2023 തുക ₹381000.00 |

കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷിക്ക് ആനുകൂല്യം നൽകിയ ഈ പ്രൊജക്ടിൽ മൂന്ന് ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി തുക Returned To Government Account എന്നാണ് BIMS റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നമ്പർ, ബാങ്ക് | തുക |
|---|---|---|---|
| 1 | ലീല മാത്യു | 405471000055, കേരള ഗ്രാമീണ ബാങ്ക് | ₹2000 |
| 2 | മുരളി കൃഷ്ണപിള്ള | 02380836937190001, സി എസ് ബി കോതമംഗലം | ₹4800 |
| 3 | മത്തായി തൊമ്മൻ | 337602010026, ഇന്ത്യൻ ഓവർസീസ് ബാങ്ക് | ₹4000 |

| | | | |
|---|---|---|---|
| | | ആകെ | ₹10800 |

ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ അറിയിക്കേണ്ടതും ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് | S121/23 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് സബ്സിഡി |
| അടങ്കൽ | ₹1,74,400 (₹1,00,000 വികസന ഫണ്ട്-സാധാരണം, ₹74,400 മറ്റുള്ളവ) |
| ചെലവ് | ₹1,00,000.00 |
| ബിൽ നമ്പർ | 380/28.03.2023 തുക ₹100000.00 |

ശ്രീ.വി ഡി ജോയ്, വടക്കേക്കരക്കുടി (അക്കൗണ്ട് നമ്പർ 238272974619000l, CSB കോതമംഗലം) എന്ന ഗുണഭോക്താവിന് കൈമാറിയ തുകയായ ₹3720.00 Returned To Government Account എന്നാണ് BIMS റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് 01.02.2024-ൽ 13, &14 നമ്പറുകളിലായി ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നു. ഈ തുകകൾ അക്കൗണ്ടിൽ ലഭ്യമാകാത്ത വിവരം ധനകാര്യ വകുപ്പിലേക്ക് അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നൽകി ക്രമീകരിക്കുന്നതാണെന്നും അതിനു മറുപടി നൽകിയിട്ടുണ്ട്. തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭ്യമായതിന്റെയോ, തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയതിന്റെയോ രേഖകൾ ലഭ്യമാകുന്നത് വരെ രണ്ട് പ്രൊജക്ടുകളിലുമായി ക്രെഡിറ്റ് ആകാത്ത ₹14520.00 (₹10800 + ₹3720)-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-21 കാർഷിക കർമ്മസേനയ്ക്ക് യൂണിഫോം-മാർഗ്ഗരേഖയ്ക്ക് അനുസൃതമല്ല

| | |
|---|---|
| പ്രോജക്ട് | S126/23 |
| പ്രോജക്ടിന്റെ പേര് | കാർഷിക കർമ്മസേന രൂപീകരണവും അവശ്യ യന്ത്രങ്ങളുടെ വാങ്ങലും പരിശീലനവും |
| അടങ്കൽ | ₹200000(വികസന ഫണ്ട്-സാധാരണം) |
| ചെലവ് | ₹200000.00 |
| ബിൽ നമ്പർ/തീയതി/ തുക | 377/28.03.2023 തുക ₹1,22,800/-<br>398/28.03.2023 തുക ₹77,200/- |

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ ഈ പ്രൊജക്ടിൽ വിവിധ കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് ₹1,22,800/-, പരിശീലന ചെലവിന് ₹37,353/-, യൂണിഫോം വാങ്ങിയതിന് ₹39,847/- എന്നിങ്ങനെ ആകെ ₹2,00,000/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സഉ(കൈ) നം.115/2022/ തസ്വഭവ തീയതി 28.05.2022 ഖണ്ഡിക നമ്പർ 5(2) പ്രകാരം ഈ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകൾ ബാധകമാകാത്തതോ, നൂതന പ്രൊജക്ടിൽ ഉൾപ്പെട്ടിട്ടില്ലാത്തതോ ആയ ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ ₹39,847/- ചെലവഴിച്ചിട്ടുള്ളത് 'റൺ സ്പോർട്സ്' എന്ന സ്ഥാപനത്തിൽ നിന്നും 30 എണ്ണം വീതം സ്പോർട്സ് ടീ ഷർട്ട്, സ്പോർട്സ് ലോവർ എന്നിവ വാങ്ങുന്നതിനാണ്.

2) കാർഷിക ഉപകരണങ്ങൾ കൈമാറിയപ്പോൾ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള വിധം കരാറിലേർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

യൂണിഫോം വാങ്ങുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും കാർഷിക ഉപകരണങ്ങൾ കൈമാറിയപ്പോൾ കരാറിലേർപ്പെട്ടതിന്റെയും രേഖകൾ ലഭ്യമാക്കാൻനൽകിയ 01.02.2024-ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കർമ്മസേനക്ക് യൂണിഫോം വാങ്ങിനൽകിയത് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പ്ലാൻ

ഫണ്ട് ചെലവഴിച്ചിട്ടുള്ളത് സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ഈയിനത്തിലെ ₹39,847/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തി കരാറിലേർപ്പെട്ടതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-22 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | S6/23 താലൂക്ക് ആശുപത്രിയിലെ ജീവിതശൈലീരോഗങ്ങൾക്ക് (വൃദ്ധ ജനങ്ങൾക്ക് വേണ്ടി) മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | ₹200000.00 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) |
| ആകെ ചെലവ് തുക | ₹200000.00 |
| ബിൽ നമ്പർ/തീയതി/ തുക | 41/04.08.2022 തുക ₹14070.00<br>152/28.11.2022 തുക ₹185930.00 |

താലൂക്ക് ആശുപത്രി സൂപ്രണ്ട് നിർവ്വഹണോദ്യോഗസ്ഥനായി 2022-23 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് ₹200000/- കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന് (KMSCL) കൈമാറിയിട്ടുണ്ട്. എന്നാൽ ₹149706/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹50294/-യുടെ മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 02.02.2024-ൽ 18ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് ഘട്ടം ഘട്ടമായാണ് മരുന്ന് ലഭ്യമാകാറുള്ളതെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നത് വരെ ₹50294/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-23 വെള്ളക്കരം - വലിയ തുക കുടിശ്ശിക നിലനിൽക്കുന്നു.

വാട്ടർ അതോറിട്ടിയിൽ നിന്ന് നഗരസഭയിൽ ലഭിച്ചിട്ടുള്ള 10.03.2023 തീയതിയിലെ ബിൽ പ്രകാരം (ബിൽ നമ്പർ 72310) 46 പൊതുടാപ്പുകളാണ് നിലവിലുള്ളത്. ഒരു ടാപ്പിന് പ്രതിമാസം ₹21838.68 നിരക്കിൽ എല്ലാ ടാപ്പുകൾക്കുമായി പ്രതിമാസ വെള്ളക്കരം ₹83716/- ആണ് അടവാക്കിയിട്ടുള്ളത്. ബില്ലിൽ 28.02.2023 വരെയുള്ള കുടിശ്ശിക ₹12744749/-, ഫൈൻ ₹249991/- എന്നിവ ചേർത്ത് ആകെ ₹13078456/-യുടെ ഡിമാൻഡ് നോട്ടീസ് ആണ് ലഭ്യമായിട്ടുള്ളത്. ഭരണസമിതിയുടെ 28.04.2023-ലെ 7ാം നമ്പർ തീരുമാനത്തിൽ ആവശ്യമില്ലാത്ത ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിട്ടിക്ക് കത്ത് നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ടാപ്പുകൾ വിച്ഛേദിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതും നിലവിൽ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് 02.02.2024-ൽ 20ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഒരു കോടിയിലധികം രൂപ കുടിശ്ശിക നിലനിൽക്കുന്നുവെന്നത് ഗൗരവപൂർണ്ണം കാണേണ്ടതും കുടിശ്ശിക തീർപ്പാക്കേണ്ടതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-24 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ്/നം. | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - 71/23 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹75,000/-(വികസനഫണ്ട് ജനറൽ) |
| ചെലവ് വിവരം | ₹68200/-(ബിൽ നം 22120847092101529723/28.3.23) |

സ്ഥാപനങ്ങളുടെ ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് ഈ പദ്ധതി

നടപ്പിലാക്കിയത്. ശ്രീ ദീപു രമേഷ് എന്നയാൾക്ക് പദ്ധതി പ്രകാരം ₹68200/- അനുവദിച്ചിട്ടുണ്ട്. ഈ വ്യക്തിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതി ഏത് വിധത്തിൽ നടപ്പിലാക്കണമെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല. R-track ഡാറ്റാ കളക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ ₹68200/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച**

സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11(1) മുതൽ (6) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ, നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കുകയും ചെയ്യാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കാണുന്ന പ്രോജക്ടുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | വകയിരുത്തിയ തുക (₹) | ഫണ്ടിനം |
|---|---|---|---|---|
| 1 | 67/23 | ടേക്ക് എ ബ്രേക്ക് നിർമ്മാണം തങ്കളം ബെസ്സ്റ്റാന്റ് -ഒന്നാം ഘട്ടം | 8,00,000 | ധനകാര്യകമ്മിഷൻ അവാർഡ് 300000 കേന്ദ്രാവിഷ്കൃത ഫണ്ട് 500,000 |
| 2 | 68/23 | ടേക്ക് എ ബ്രേക്ക് നിർമ്മാണം മലയൻകീഴ്ജംഗ്ഷൻ -ഒന്നാം ഘട്ടം | 8,00,000 | ധനകാര്യകമ്മിഷൻ അവാർഡ് 300,000 കേന്ദ്രാവിഷ്കൃത ഫണ്ട് 500,000 |
| 3 | 72/23 | വാർഡ് 21 പാറേൽ കോളനി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി | 4,05,000 | എസ് സി പി |
| 4 | 55/23 | മുനിസിപ്പൽ ബസ് സ്റ്റാന്റിൽ ടേക്ക് എ ബ്രേക്ക് നിർമ്മാണം -മൂന്നാം ഘട്ടം | 14,90,000 | ധനകാര്യകമ്മിഷൻ അവാർഡ് |

മേൽ പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-26 സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയത് - വ്യവസ്ഥകൾ പാലിച്ചില്ല**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2493/2009/ത.സ്വ.ഭ.വ./30.09.2009 നമ്പർ ഉത്തരവ് പ്രകാരം കോതമംഗലം നഗരസഭയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഒരേക്കർ സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുനൽകിയത് താഴെ ചേർക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലായിരുന്നു.

1) സിവിൽ സ്റ്റേഷന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തുകയും, സിവിൽ സ്റ്റേഷനിലേക്ക് മാറുന്ന ഓഫീസുകളുടെ നിലവിലുള്ള സ്ഥലം നഗരസഭക്ക് നൽകുകയും ചെയ്യും.

2) നഗരസഭ വക സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുനൽകുമ്പോൾ കോതമംഗലം

നഗരസഭാ പരിധിയിലുള്ള അയ്യപ്പൻമുടിപ്പാറ പുറമ്പോക്ക്, കോതമംഗലം വില്ലേജിലെ 1265/4/4/18 സർവെ നമ്പർ സ്ഥലത്ത് ഉൾപ്പെട്ട 90 സെന്റ് റവന്യൂ പുറമ്പോക്ക്, 15 വർഷത്തെ കാലാവധി കഴിയുന്ന മുറക്ക് റവന്യൂ വകുപ്പ് ബിഒടി അടിസ്ഥാനത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകിയിട്ടുള്ള കോതമംഗലം റവന്യൂ ടവർ എന്നിവ നഗരസഭക്ക് ലഭ്യമാക്കും.

എന്നാൽ, സിവിൽ സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചെങ്കിലും മേൽ വ്യവസ്ഥകൾ പാലിച്ച് സിവിൽ സ്റ്റേഷനിലേക്ക് മാറിയ ഓഫീസുകളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലങ്ങളോ, റവന്യൂ പുറമ്പോക്ക്, 15 വർഷത്തെ ബിഒടി കാലാവധി കഴിഞ്ഞ കോതമംഗലം റവന്യൂ ടവർ എന്നിവ നഗരസഭക്ക് നാളിതുവരെ ലഭ്യമായിട്ടില്ല. ഈ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ സർക്കാരിലേക്ക് കത്ത് നൽകാൻ നഗരസഭാ കൗൺസിൽ 06/09/2022ൽ (തീരുമാന നം. 1/1) തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി 28/05.02.24) നൽകിയതിന് മറുപടി ലഭിച്ചില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് വിട്ടുനൽകിയതിന് വ്യവസ്ഥകൾ പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട വാണിജ്യമൂല്യമുള്ള സ്ഥലങ്ങൾ നഗരസഭക്ക് ലഭ്യമായിട്ടില്ല. കൂടാതെ, റവന്യൂ ടവറിന്റെ ഉടമസ്ഥാവകാശവും വ്യവസ്ഥകൾ പ്രകാരം കൈമാറിക്കിട്ടാത്തതിനാൽ വാടകയിനത്തിൽ നഗരസഭക്ക് വരുമാനനഷ്ടം സംഭവിക്കുന്നുണ്ട്. സിവിൽ സ്റ്റേഷന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തിയിരിക്കുന്നതിനാൽ നഗരസഭ സെക്രട്ടറിയുടെ പേരിലാണ് വസ്തുനികുതി ഒഴിവാക്കി കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ, നിയമ പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട വസ്തുനികുതിയും ലഭിക്കുന്നില്ല. ഈ വിഷയം അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് വ്യവസ്ഥകൾ പ്രകാരം നഗരസഭക്ക് ലഭിക്കേണ്ട സ്ഥലങ്ങളും, റവന്യൂ ടവറിന്റെ ഉടമസ്ഥാവകാശവും അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 ഗ്രാന്റ് വിനിയോഗിച്ചില്ല**

2022-23 വാർഷികധനകാര്യ പത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം Development Fund Special Grant Capital (320200106) എന്ന ഹെഡ്ഡിൽ ₹902538/ നീക്കിയിരിപ്പായി ചേർത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആർ എം എസ് എ പദ്ധതിയിൽ മാതിരപ്പിള്ളി ഗവ. വി എച്ച് എസ് എസിന് ലഭിച്ച തുകയാണ്. ടി തുക 2022-23 വർഷത്തിലും ചെലവഴിച്ചിട്ടില്ല. ഗ്രാന്റ് ലഭിച്ചതിന്റെ വിശദാംശങ്ങളും, തുക വിനിയോഗിക്കാത്തതിന്റെ കാരണവും ലഭ്യമാക്കേണ്ടതാണ്. കൂടാതെ, Fund For Transferred Institutions – Health (320200206) എന്ന ശീർഷകത്തിൽ ₹5,00,000/- നീക്കിയിരിപ്പായി ചേർത്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച ടി തുക 2022-23 വർഷത്തിലും ചെലവാക്കിയിട്ടില്ല.

തുക വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 31/05.02.2024) മറുപടി ലഭിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റ് തുക സമയ ബന്ധിതമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 മരാമത്ത് പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ വികസനത്തെ ബാധിക്കുന്നു**

ഓഡിറ്റ് വർഷം നഗരസഭ ₹99614652/- യുടെ ആകെ അടങ്കൽ തയ്യാറാക്കി 147 മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുത്തത്. അവയിൽ 65 എണ്ണം റോഡ് നിർമ്മാണ-നവീകരണ പ്രോജക്ടുകളായിരുന്നു. ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസന പദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാന തത്ത്വം പാലിക്കാതെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. റോഡുകളുടെ ശരാശരി ദൈർഘ്യം 3 മുതൽ 6 വരെ കിലോ മീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 6 മുതൽ 100 വരെ മീറ്റർ നീളത്തിലാണ്. ഇപ്രകാരം നിർമ്മാണം നടത്തിയാൽ പൂർത്തീകരിക്കാൻ നിരവധി വാർഷിക പദ്ധതികൾ ആവിഷ്കരിക്കേണ്ടി വരും. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത്

അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിനും ഇത് കാരണമാകും.

നഗരസഭ ഏറ്റെടുത്ത പ്രോജക്ടുകളിൽ ഭൂരിഭാഗവും 5 ലക്ഷം രൂപയും അതിൽ കുറവും അടങ്കലുള്ളവയായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 10000ൽ താഴെ അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 6 |
| 10000 മുതൽ മൂന്ന് ലക്ഷം വരെ അടങ്കലുള്ളവ | 48 |
| മൂന്ന് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ അടങ്കലുള്ളവ | 36 |
| അഞ്ച് ലക്ഷം മുതൽ പത്ത് ലക്ഷം വരെ അടങ്കലുള്ളവ | 28 |
| പത്ത് ലക്ഷത്തിലധികവും അടങ്കലുള്ളവ | 29 |

ഓരോ മേഖലയിലും, ഉപവികസന മേഖലയിലും തയ്യാറാക്കുന്ന പ്രോജക്ടുകൾ വരെ വാർഡ് അടിസ്ഥാനത്തിൽ വീതം വെയ്ക്കുന്ന പ്രവണതയാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-29 ഹരിത കർമ്മ സേന-പ്രവർത്തനങ്ങളിലെ അപാകതകൾ**

1) ഹരിത കർമ്മസേന അംഗങ്ങൾക്ക് മോബൈൽ ഫോൺ വാങ്ങിയത് അപാകത

ഹരിത കർമ്മസേന അംഗങ്ങൾക്ക് മോബൈൽ ഫോൺ വാങ്ങി നൽകുന്നതിനായി കോർപ്പസ് ഫണ്ടിൽ നിന്നും ₹77988/- ചെലവഴിച്ചിട്ടുണ്ട്. ഹരിത കർമ്മസേന അംഗങ്ങൾക്ക് മോബൈൽ ഫോൺ വാങ്ങുന്നതിന് സ.ഉ.(സാധാ) നം. 493/2022/LSGD തീയതി 02/03/2022 സർക്കാർ ഉത്തരവ് പ്രകാരം 4, V) ൽ സ്വന്തമായി സ്മാർട്ട് ഫോൺ ഇല്ലാത്ത ഹരിത കർമ്മസേന അംഗങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെയോ സി. എസ്. ആർ. ഫണ്ടുകളിലൂടെയോ തുക കണ്ടെത്തി ഫോൺ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് മറികടന്ന് ഹരിത കർമ്മസേന അംഗങ്ങൾക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിനായി കോർപ്പസ് ഫണ്ടിൽ നിന്നും ₹77988/- ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ഹരിത കർമ്മസേന അംഗങ്ങൾക്ക് വിഷു അലവൻസ് നൽകിയത്

ഹരിത കർമ്മസേന അംഗങ്ങളായ 40 പേർക്ക് ₹500/- വീതം ₹20000/- വിഷു അലവൻസായി ചെലവഴിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ടിൽ നിന്നും ₹20000/- ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ഹരിത കർമ്മസേന അംഗങ്ങളുടെ ഹാജർ പുസ്തകം അപാകത

ഹരിത കർമ്മസേന അംഗങ്ങളുടെ ഹാജർ പുസ്തകം കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലും അപാകതകൾ കാണുന്നു. 2022-23 ഏപ്രിൽ മുതലുള്ള ഹാജർ പുസ്തകം ഹാജരാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ ഹാജർ പുസ്തകം 2022 ഒക്ടോബർ മുതലുള്ളത് പരിശോധിച്ചതിൽ തന്നെ ധാരാളം തിരുത്തലുകൾ കണ്ടെത്തി. കൂടാതെ വൈറ്റ്നർ ഉപയോഗിച്ച് പല സ്ഥലങ്ങളിലും മായിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ JHI മാരാണ് ഹാജർ രേഖപ്പെടുത്തുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. ഹാജർ പുസ്തകത്തിൽ ഉണ്ടായിട്ടുള്ള മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിൽ (നടത്തിപ്പിൽ) നഗരസഭയുടെ ഭാഗത്ത് നിന്നും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഇടപെടുന്നില്ല എന്ന് കാണുന്നു.

ദൈനം ദിനം വീടുകളിൽ നിന്നും കടകളിൽ നിന്നും പിരിച്ച് കിട്ടുന്ന തുക അത് എത്രയെന്നോ, ബാങ്കിൽ എത്ര തുക അടവാക്കി എന്നോ ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനും ഉറപ്പുവരുത്തുന്നില്ല.

4) ഹരിത കർമ്മസേനയുടെ ക്യാഷ് ബുക്ക് പരിപാലനം അപാകത

2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ക്യാഷ് ബുക്കിലെ വരവ് ചെലവ് കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ബാങ്ക് പാസ്സ് ബുക്കും ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് 2022 ജൂലൈ മാസം വരെ മാത്രമാണ് എഴുതിയിട്ടുള്ളത്. എല്ലാ മാസവും ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

5) കോർപ്പസ് ഫണ്ട് കൈകാര്യം ചെയ്യുന്നതിലെ അപാകതക

04/05/2023 ൽ ₹70659/- നിക്ഷേപിച്ച് അക്കൗണ്ട് തുടങ്ങി, 24/1/23 ൽ ₹193954/- ബാലൻസ് ഉണ്ട്. ഹരിത കർമ്മസേനയുടെ ഒരു മാസത്തെ ആകെ വരുമാനത്തിന്റെ 10% വരുന്ന തുക എല്ലാ മാസവും കോർപ്പസ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. ഹരിത കർമ്മസേന അംഗങ്ങളുടെ ക്ഷേമത്തിനായി തുടങ്ങിയിട്ടുള്ള കോർപ്പസ് ഫണ്ട് അവരുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടി മാത്രം ഉപയോഗിക്കാനുള്ളതാണ്. എന്നാൽ മറ്റ് പല കാര്യങ്ങൾക്കും കോർപ്പസ് ഫണ്ടിൽ നിന്നുമാണ് തുക പിൻവലിക്കുന്നത്. 2022-23 വർഷം കോർപ്പസ് ഫണ്ട് അക്കൗണ്ടിൽ നിന്നും ഏതെല്ലാം ആവശ്യങ്ങൾക്ക് തുക പിൻവലിച്ചു എന്നതിന്റെ രേഖകകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

6) ഹരിത കർമ്മസേന മിനിട്സ് ബുക്ക്

2022-23 സാമ്പത്തിക വർഷത്തിൽ ഹരിത കർമ്മസേന കൂടിയ യോഗത്തിന്റെ വിവരങ്ങൾ, 12/04/2022, 12/05/22, 28/05/22, 13/06/22, 20/07/22, 25/07/22, 14/09/22, 13/10/22, 14/11/22, 18/01/2023, 30/03/23. എന്നിങ്ങനെ 11 തവണ യോഗങ്ങൾ കൂടിയിട്ടുണ്ട്.

മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/05.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-30 ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട്-ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

| ക്രമ നം. | പ്രോജക്ടിന്റെ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചിലവഴിച്ചത് (₹) |
|---|---|---|---|---|
| 1 | 29/23 | വിദ്യാർത്ഥികൾക്ക് പഠന മുറി (പട്ടിക വർഗ്ഗ വിഭാഗം) | 150000 | 150000 |
| 1 | 307/23 | അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക് ലേവ്- ശുചിത്വ മിഷന് വിഹിതം നൽകൽ | 100000 | 100000 |
| 1 | 42/23 | ഹരിത കർമ്മസേനയ്ക്ക് വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് വാഹനം വാങ്ങൽ | 170366 | 150562 |
| 1 | 284/23 | നിഷ്ക്രിയ മാലിന്യം നീക്കം ചെയ്യുന്നതിന് തുക നൽകൽ | 1500000 | 491737 |
| | | ആകെ | 19,20,366 | 8,92,299 |

മേൽ പരാമർശിച്ചിരിക്കുന്ന ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിന്റെ ഫയലുകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമാക്കാത്തതിന് ഓഡിറ്റ് എൻക്വയറി നം. 34/05.02.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹8,92,299/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 വൈദ്യുതി പോസ്റ്റ് മാറ്റൽ, ലൈൻ നീട്ടൽ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ വഴി കെ.എസ്.ഇ.ബി യുടെ അക്കൗണ്ടിലേക്ക് നഗരസഭയിൽ നിന്നും തുക നൽകിയിട്ടുണ്ട്. ആയത് വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം. | പദ്ധതിയുടെ വിശദാംശങ്ങൾ/ബിൽ/ചെക്ക്നം,തിയതി | ബിൽ തുക (₹) |
|---|---|---|---|
| 1 | 105/23 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ നം. 120847063600934635/20.12.22 | 52,171/- |
| | 105/23 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ നം 120847063601075499/21.1.23 | 60,712/- |
| | 105/23 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(ബിൽ നം 120847063601075499/21.1.23) | 21,536/- |
| 2 | 104/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ. (ബിൽ നം 112207802763/17.3.22) | 19,98,424/- |
| 3 | 244/23 | സ്ട്രീറ്റ് ലൈൻ വലിക്കൽ. (ബിൽ നം. 47063600844541/30.11.22) | 1,55,898/- |
| | | ആകെ | 22,88,741/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/3.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹22,88,741/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

**1-32 കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപണികൾ- വിനിയോഗവിവരം ലഭ്യമായിട്ടില്ല.**

പദ്ധതി നം. 120/23 (പ്ലാൻ ഫണ്ട്-ജനറൽ)

അടങ്കൽ : ₹50000/-

ചെലവ് : ₹50000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

ബിൽ നം, തീയ്യതി : 22120847063600602359/1.10.22

കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റപ്പണികൾക്കായി മേൽ ചേർത്ത പ്രകാരം തുക സെക്രട്ടറി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കി

അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/03.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാകുന്നതുവരെ ₹50000/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-33 ഓഫീസിലേക്ക് സാധനങ്ങൾ വാങ്ങൽ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച്.**

പ്രൊജക്ട് : നഗരസഭ ഓഫീസിലേക്ക് യുപിഎസ്, ബാറ്ററി എന്നിവ വാങ്ങൽ.

പ്രൊജക്ട് നമ്പർ. 19/23

അടങ്കൽ : ₹140000/-(പ്ലാൻ-ജനറൽ)

ചെലവ് : ₹139500/-

ബിൽ നം,തീയതി : 22120847063600527615/13.9.2022.

തുക : ₹1,39,500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

നഗരസഭ ഓഫീസിലേക്ക് 5 കെ.വി യുപിഎസ്, ബാറ്ററികൾ എന്നിവ വാങ്ങുന്നതിനായി ₹1,39,500/-ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.
1)വാങ്ങിയ സാധനങ്ങളുടെ ജിഎസ്.ടി ഇൻവോയ്സ് ഫയലിൽ ഇല്ല. ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ഉള്ളത്. ₹1,39,500/- സെക്രട്ടറി പാസ്സാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത് ക്വട്ടേഷന്റെ പകർപ്പിലാണ്.

2) ജി.ഒ (പി) നമ്പർ 7/19 എസ്.പി.ഡി തീയതി 26.4.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും ₹25000/- ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്ലാത്തതിനാൽ, ആയത് GeMൽ വാങ്ങുന്നത് ഉചിതം അല്ലെന്ന് വകുപ്പ് മേധാവിക്ക് ബോധ്യപ്പെട്ടാലോ സ്പെസിഫിക്കേഷൻ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിൽ മാത്രമേ മറ്റു മാർഗങ്ങളിലൂടെ വാങ്ങുന്നത് പരിഗണിക്കാവൂ. ഫയൽ പരിശോധിച്ചാൽ നിന്നും GeMൽ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വിലയുള്ള ഇൻവെർട്ടർ യുപിഎസ് ബാറ്ററികളാണ് ഉള്ളതെന്ന് ടെക്നിക്കൽ ഓഫീസർ രേഖപ്പെടുത്തുകയും ടെൻഡർ നടപടികളിലൂടെ വാങ്ങാവുന്നതാണെന്ന് പർച്ചേസിംഗ് കമ്മറ്റിക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. വില കൂടിയ രണ്ട് ഇനം യുപിഎസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്. എന്നാൽ ഓഡിറ്റ് വേളയിൽ (2.2.2024-ന്) GeMൽ പ്രസ്തുത ഇനം പരിശോധന നടത്തിയതിൽ തന്നെ നിലവിൽ വാങ്ങിയതിനേക്കാൾ കുറഞ്ഞ വിലയുള്ള യുപിഎസ് (42999/-) അതേ സ്പെസിഫിക്കേഷനിൽ ലഭ്യമാണെന്ന് കാണുകയുണ്ടായി. എന്നാൽ കൂടിയ ഇനം ഉൽപ്പന്നമാണ് GeMൽ ഉള്ളതെന്ന് നോട്ട് ഫയലിൽ ടെക്നിക്കൽ ഓഫീസർ രേഖപ്പെടുത്തിയതിന് ഉപോൽബലകമായി ഒരിടത്തും GeM മുഖേനയുള്ള കംപാരിസൺ സ്റ്റേറ്റ്മെന്റോ ഏറ്റവും കുറഞ്ഞ വിലയുള്ള L1 രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങളോ നഗരസഭ ടെക്നിക്കൽ ഓഫീസർക്ക് പരിശോധനക്ക് ലഭ്യമാക്കാനായിട്ടില്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം27/3.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹1,39,500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-34 പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

താഴെ പറയുന്ന തുക കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേക്ക് നഗരസഭയിൽ നിന്നും വിവിധ വാർഡുകളുടെ പൈപ്പ് ലൈൻ പ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ : ₹22,66,000/- (ധ.ക.ഗ്രാന്റ്)

ചെലവ് : ₹22,65,480/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

| ക്രമ | പദ്ധതി | ബിൽ/വൗച്ചർനം, തീയതി | വിനിയോഗവിവരം |
|---|---|---|---|

| നം | നം | | ലഭിക്കാനുള്ള ആകെ തുക (₹) |
|---|---|---|---|
| 1 | 103/23 | പൈപ്പ് ലൈൻ നീട്ടൽ. C/112207802774/10.11.2022 | 22,65,480/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/3.2.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹22,65,480/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറക്ക് ചെലവ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-35 കേരള സാമൂഹ്യ സുരക്ഷ മിഷനിലേക്ക് സംഭാവന നൽകൽ - വിനിയോഗ വിവരം ലഭ്യമായിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 99/23 |
| അടങ്കൽ | ₹15,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹15,00,000/- |
| ബിൽ നം.തീയ്യതി. | 221208470636005770 83/26.09.22 |

മേൽ പ്രൊജക്ട് പ്രകാരം കേരള സാമൂഹ്യ സുരക്ഷ മിഷന് ₹15,00,000/- നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ ലഭ്യമാക്കാത്തതിനാൽ ₹ 15,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/03.02.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാകുന്ന മുറക്ക് അറിയിക്കേണ്ടതാണ്.

**1-36 എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 100/23 |
| അടങ്കൽ | ₹10,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹10,00,000/- |
| ബിൽ നം.തീയ്യതി. | 22120847063600786381/ 17.11.2022. |

സർക്കാർ മാഗ്ഗരേഖ [സ.ഉ.(കൈ)നം.86/22/തസ്വഭവ.തി.19.04.2022] പ്രകാരം എസ്.എസ്.കെ- ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

നഗരസഭാപരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ നഗരസഭ വിഹിതമാണ് മേൽ ബിൽ പ്രകാരം എസ്.എസ്.കെയ്ക്ക് കൈമാറിയിട്ടുള്ളത്. നഗരസഭയിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് നഗരസഭ ശുപാർശ ചെയ്തിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് നഗരസഭാ പരിധിയിൽ

ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/03.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹ 10,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-37 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

ഐ.കെ.എം -ന് നഗരസഭ വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 23/03.02.2024) മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 98/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽനം.,തിയ്യതി | 22120847063600542918/ 16.09.2022 |
| തുക | ₹3,39,968/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹3,39,968/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-38 ഡി.ഇ.ഒ യുടെ പ്രൊജക്ട് - പാലിന് അധികം സബ്സിഡി നൽകിയത്**

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങളും ആയതിലെ നിർവ്വഹണത്തിലെ അപാകതകളും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| പ്രോജക്ട് നമ്പർ | 154/23 | |
| അടങ്കൽ | ₹13,73,000/-(വികസനഫണ്ട്-ജനറൽ) | |
| ചെലവ് | ₹13,71,418/- | |
| ബിൽ നം.തീയ്യതി. | 22120847091401510805/ 28.3.23- | 6,74,163/- |
| | 22120847091401511124/ 9.3.23 | 1,11,149/- |
| | 22120847091401511029/ 28.3.23 | 4,70,984/- |
| | 22120847091401510925/ 28.3.23 | 1,15,122/- |
| | ആകെ | 13,71,418/- |

നാട്ടുകാണി ആപ്ക്കോസ്, കരിങ്ങാഴ, പുന്നേക്കാട് , തൃക്കാരിയൂർ,ഏലമ്പ്ര, കോഴിപ്പിള്ളി, വേണ്ടുവാഴി, കരുക്കാടം , പുതുപ്പാടി ,കുത്തുകുഴി എന്നീ 10 പാൽ സൊസൈറ്റികളിലെ പാൽ അളന്ന കർഷകർക്കാണ് മേൽ ബില്ലുകൾ പ്രകാരം തുക വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ അളന്ന പാലിന് അനുസൃതമായിട്ടല്ല ചില സൊസൈറ്റികളിലെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുള്ളത് എന്ന് കാണുകയുണ്ടായി. ഓഡിറ്റിന് ലഭ്യമാക്കിയ വിവിധ സൊസൈറ്റികളിൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ 2022 ഏപ്രിൽ മുതൽ ജനുവരി 2023വരെയുള്ള (ജൂലായ് ഒഴികെ) പാലിന്റെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ജനുവരി മാസം പാലിന് ലിറ്ററിന് 2.37 രൂപയും ബാക്കിയുള്ള മാസങ്ങളിൽ ലിറ്ററിന് മൂന്നു രൂപ നിരക്കിലുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകളുണ്ട്. അളക്കാത്ത പാലിന് തുക അനുവദിച്ചതായും കാണുന്നു. വിശദവിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീരവികസന പ്രൊജക്ട് - പാലിന് അധിക സബ്സിഡി നൽകി.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങളും ആയതിലെ നിർവ്വഹണത്തിലെ അപാകതകളും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| പ്രോജക്ട് നമ്പർ | 154/23 | |
| അടങ്കൽ | ₹13,73,000/-(വികസനഫണ്ട്-ജനറൽ) | |
| ചെലവ് | ₹13,71,418/- | |
| ബിൽ നം.,തീയ്യതി. | 22120847091401510805/ 28.3.23- | 6,74,163/- |
| | 22120847091401511124/ 9.3.23 | 1,11,149/- |
| | 22120847091401511029/ 28.3.23 | 4,70,984/- |
| | 22120847091401510925/ 28.3.23 | 1,15,122/- |
| | ആകെ | 13,71,418/- |

നാട്ടുകാണി ആപ്കോസ്, കരിങ്ങാഴ, പുന്നേക്കാട്, തൃക്കാരിയൂർ, ഏലമ്പ്ര, കോഴിപ്പിള്ളി, വേണ്ടുവാഴി, കരുക്കാടം, പുതുപ്പാടി, കുത്തുകുഴി എന്നീ 10 പാൽ സൊസൈറ്റികളിലെ പാൽ അളന്ന കർഷകർക്കാണ് മേൽ ബില്ലുകൾ പ്രകാരം തുക വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ അളന്ന പാലിന് അനുസൃതമായിട്ടല്ല ചില സൊസൈറ്റികളിലെ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുള്ളത് ഓഡിറ്റിന് ലഭ്യമാക്കിയ വിവിധ സൊസൈറ്റികളിൽ പാൽ അളന്നതിന്റെ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ 2022 ഏപ്രിൽ മുതൽ ജനവരി 2023വരെയുള്ള (ജൂലായ് ഒഴികെ) പാലിന്റെ അളവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ജനവരി മാസം പാലിന് ലിറ്ററിന് 2.37 രൂപയും ബാക്കിയുള്ള മാസങ്ങളിൽ ലിറ്ററിന് മൂന്നു രൂപ നിരക്കിലുമാണ് അനുവദിച്ചിട്ടുള്ളത്.

നിർവഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. I) കുത്തുകുഴി ആപ്കോസിലെ ക്രമം നമ്പർ 43- മനുമോഹനൻ സ്റ്റേറ്റ്മെന്റ് പ്രകാരം ജനുവരിയിൽ പാൽ അളന്നിട്ടില്ല. എന്നാൽ ₹3/- നിരക്കിൽ 16,957 രൂപ അനുവദിച്ചിട്ടുണ്ട്.

II) വെണ്ടുവഴി ആപ്കോസിലെ ക്രമനമ്പർ 121 - നജീബ് കരവാട്ട് എന്നവർ ജനുവരിയിൽ പാൽ അളന്നിട്ടില്ല. എന്നാൽ ₹12,247/- തന്മാസം അനുവദിച്ചിട്ടുമുണ്ട്.

2. മേൽ ബില്ലുകളിൽ നിന്നും മാറിയ തുകകൾ ഏത് സൊസൈറ്റികളിലെ ഏതു മാസത്തെ പാലളവുകൾ ആണെന്ന് കാണിക്കുന്ന രേഖകൾ അടങ്ങിയ സ്റ്റേറ്റ്മെൻറ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ നൽകിയ തുകയുടെ കൃത്യത ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ ഫസ്റ്റ് സ്റ്റേജ് സെക്കൻഡ് സ്റ്റേജ് എന്നീ കോളത്തിൽ രേഖപ്പെടുത്തിയ തുകകൾ, എന്തിനാണെന്നോ അപ്രകാരം രേഖപ്പെടുത്തിയ തുക ഏത് മാസങ്ങളിലേതാണെന്നോ കണക്കുകൾ പരിശോധിച്ചതിൽനിന്നും വ്യക്തമല്ല.

മേൽ ചേർത്ത ഗുണഭോക്താക്കൾ ഉൾപ്പെട്ട 10 സൊസൈറ്റികളിലെ പാലളവിന്റെ സ്റ്റേറ്റ്മെന്റുകളിൽ അതാത് പാൽ സൊസൈറ്റികളുടെ പ്രസിഡന്റ്, സെക്രട്ടറി, കമ്മിറ്റി അംഗങ്ങൾ എന്നിവർ സ്റ്റേറ്റ്മെൻറ് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ്മെന്റുകളിൽ സൊസൈറ്റിയുടെ ഔദ്യോഗിക സീലും പതിച്ചിട്ടുണ്ട്. ആയതിന്റെ ആധികാരിക സ്റ്റേറ്റ്മെന്റാണ് ഓഡിറ്റ് പരിശോധനക്ക്

ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ അധികമായി അനുവദിച്ച അളക്കാത്ത പാലിനുള്ള വില നൽകിയത് ശരിയായ നടപടിയല്ല. ഓഡിറ്റിന് ലഭ്യമാക്കിയ മേൽചേർത്ത സ്റ്റേറ്റ്മെന്റിന്റെ പകർപ്പുകൾ നഗരസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. മേൽ പരാമർശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം25/3.2.2024) നൽകിയിരുന്നു. ആയതിന് 6.2.2024 -ലെ 12/24 നമ്പർ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

1) കുത്തുകുഴി ആപ്ക്കോസിലെ ക്രമം നമ്പർ 43- മനമോഹനന്റെ മറുപടിക്കൊപ്പം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാന്റെ ഓക്ടോബർ മുതൽ ജനുവരി വരെയുള്ള പാലളവ് യധാക്രമം 3232, 3014, 1477, 896 ലിറ്ററാണ്. എന്നാൽ ഓഡിറ്റിന് ഓഡിറ്റ് വേളയിൽ സമർപ്പിച്ച (സൊസൈറ്റി ഭാരവാഹികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള) സ്റ്റേറ്റ്മെന്റിൽ പ്രസ്തുത മാസങ്ങളിൽ പാൽ അളവില്ല.

2) വെണ്ടുവഴി ആപ്കോസിലെ ക്രമനമ്പർ 121 - നജീബ് കരവാട്ട് എന്നവരുടെ മറുപടിക്കൊപ്പം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ടിയാന്റെ ഓക്ടോബർ മുതൽ ജനുവരി വരെയുള്ള പാലളവ് യഥാക്രമം 1613.9, 1449, 1744,309 ലിറ്ററാണ്. എന്നാൽ ഓഡിറ്റിന് ഓഡിറ്റ് വേളയിൽ സമർപ്പിച്ച (സൊസൈറ്റി ഭാരവാഹികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ) സ്റ്റേറ്റ്മെന്റിൽ പ്രസ്തുത മാസങ്ങളിൽ പാലളവില്ല.

3) മറുപടിക്കൊപ്പം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിലും വ്യക്തതയില്ല.

മാറിയ ബില്ലുകളിലെ തുകകളും സൊസൈറ്റികളിലെ വിവിധ മാസങ്ങളിലെ പാലളവും ആയതിന്റെ തുകകളുടെ സംക്ഷിപ്തവും അടങ്ങുന്ന സ്റ്റേറ്റ്മെന്റിന്റെ അഭാവത്തിൽ മാറിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ വിവരത്തിൽ സബ്സീഡി തുകകളെപ്പറ്റി കർഷകർക്ക് പരാതി ഇല്ലാത്തതിനാലാണ് സൊസൈറ്റി ഭാരവാഹികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് സമർപ്പിച്ചതെന്ന മറുപടിയുമുണ്ട്. ഇവിടെ സബ്സീഡി തുകയിൽ കുറവൊന്നും വരാത്തതിനാൽ കർഷകർക്ക് പരാതിപ്പെടാനാകില്ല. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റും മറുപടിയിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം കാണുന്നു. ഒരേ കാലയളവിൽ രണ്ട് തരം സ്റ്റേറ്റ്മെന്റ് സൊസൈറ്റി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചത് ഗൗരവമേറിയ വിഷയമാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ ചേർത്ത ക്രമ നമ്പർ 1, 2 പ്രകാരമുള്ള സൊസൈറ്റി ഭാരവാഹികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റിലെ അളക്കാത്ത മാസത്തെ പാലിന്റെ വിലയായി അനുവദിച്ച ₹29,204/- ചെലവ് നിരാകരിക്കുന്നു. തുക തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 2022-23ലെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

### 4-3 ഡെപോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി / തുക | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള |
|---|---|---|---|---|---|

| | | | | | തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | കടിവെള്ള പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ 103/23 | 1)co12356411439/ 23.1.23 തുക ₹442480/- 2)co22312345071/ 8.2.23 തുക ₹789000/- 3)co32394905858/ 31.3.23 തുക ₹358000/ 4) C112207802853/ 10.1.1.22 തുക ₹6760000/- | 2265480- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 2265480/- |
| | ആകെ | 2265480/- | - | | 2265480/- |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ 104/23 | 1)c032345248476/ 17.3.23 തുക ₹712731/- 2)c122250045228/ 28.12.22 തുക ₹843464/- 3)c112208624116/ 8.11.22 തുക ₹442229/- | 1998424 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 1998424/- |
| ---"--- | റോഡുകളിൽ തടസ്സമായിനിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി 105/23 | 22120800000000/ 28.12.22 21536/- 221208000000015312/ 20.12.22 52171/- 221208000000017213/ 21.1.23 60712/- | വികസന ഫണ്ട് ജനറൽ 134419 | 0 | 134419/- |
| ---"--- | സ്ട്രീറ്റ് ലൈൻ വലിക്കൽ 244/23 | 221208000000014044/ 30.11.22 143977/- 221208000000014044/ 30.11.22 11921/- | 155898/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 0 | 155898/- |
| ആകെ | | 2288741 | | | 2288741 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ഉത്തരവ് | ലൈഫ്/ പി.എം.എ.വൈ ലോൺ തുക | | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ഉണ്ടായിരുന്ന തുക | തൻവർഷ വരവ് | ആകെ തിരിച്ചടക്കുവാനുള്ള തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ജി.ഒ. (എം.എസ്.) നം. 68/2018/ എൽ.എസ്. | ഹഡ്കോ | 69920000 | 66560000 | | | 5546667 | 0 | 61013332 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ജി.ഡി. തീയതി 18-5-2018 | | | | | | | | |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നഗരസഭയ്ക്ക് കേരള അർബൻ & റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 100/- രൂപ വീതം മുഖവിലയുള്ള 645 ഓഹരികൾ കൈവശമുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64,500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 64,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64,500 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 2.4 എ | 2009-10 | വസ്തു നികുതി നിർണ്ണയം ക്രമപ്രകാരമല്ല. | ചട്ടങ്ങൾക്കനുസൃതമായി നികുതി ഈടാക്കി വരുന്നു. |
| 2006-2007 | 2.8 | 2009-10 | ലൈസൻസ് ഫീസ് നിരക്ക് പുതുക്കൽ | സർക്കാർ തലത്തിലെ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരക്കുകൾ വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. |
| 2016-2017 | 3-11 | 2017-18 | നഗരസഭ ടൗൺഹാൾ സ്ഥലമെടുപ്പിന്റെ നിലവിലുള്ള ബാദ്ധ്യത 83,61,108/-രൂപ. നിർമ്മാണ പ്രവർത്തനങ്ങൾ 16 വർഷത്തിന് ശേഷവും ആരംഭിച്ചിട്ടില്ല | നടപടികൾ സ്വീകരിച്ചു വരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹30,19,97,513.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹27,39,07,696.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹29,204.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹86,48,849.00 |

**(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.)**

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 29,204.00 | ശ്രീമതി സിജി വർഗീസ് ഡെയറി എക്സ്റ്റൻഷൻ ഓഫീസർ കോതമംഗലം |
| ആകെ | | 29,204.00 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 14,520.00 | ശ്രീമതി. ഷിബി എൽ, കൃഷി ഫീൽഡ് ഓഫീസർ |
| 1-21 | 39,847.00 | ശ്രീമതി. ഷിബി എൽ, കൃഷി ഫീൽഡ് ഓഫീസർ |
| 1-22 | 50,294.00 | ഡോ അഞ്ജലി എൻ യു, സൂപ്രണ്ട്, താലൂക്ക് ആശുപത്രി |
| 1-24 | 68,200.00 | ശ്രീമതി ഫാത്തിമ എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 8,92,299.00 | 1) ശ്രീ.ജോ ജെ., ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)<br>2) ശ്രീ.ഷാജി ഒ.എം., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ (ഹെൽത്ത് സൂപ്പർവൈസർ ഇൻ ചാർജ്)<br>3) ശ്രീ.സഞ്ജീവ് കുമാർ എ.എസ്., ഹെൽത്ത് സൂപ്പർവൈസർ (ക്ലീൻ സിറ്റി മാനേജർ)<br>(ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ ഓരോ ഉദ്യോഗസ്ഥന്റേയും ബാധ്യത തുക തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.) |
| 1-31 | 22,88,741.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-32 | 50,000.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-33 | 1,39,500.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-34 | 22,65,480.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-35 | 15,00,000.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-36 | 10,00,000.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| 1-37 | 3,39,968.00 | ശ്രീ.അൻസൽ ഐസക്ക് സെക്രട്ടറി, കോതമംഗലം നഗരസഭ. |
| ആകെ | 86,48,849.00 | |

**(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**ഇ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ**

**സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷിബി എൽ, കൃഷി ഫീൽഡ് ഓഫീസർ | കൃഷി ഫീൽഡ് ഓഫീസർ, കോതമംഗലം നഗരസഭ | പ്രണവം, കൊട്ടാരത്തുവിള, കൂട്ടപ്പന, നെയ്യാറ്റിൻകര, തിരുവനന്തപുരം പിൻ-695121 |
| ഡോ അഞ്ജലി എൻ യു, സൂപ്രണ്ട്, താലൂക്ക് ആശുപത്രി | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, മലയിൻകീഴ്, തിരുവനന്തപുരം | ഭവാനി, ടി സി17/491/6, നീരാഴി ലെയ്ൻ, ഉള്ളൂർ മെഡിക്കൽ കോളേജ് പി ഒ പിൻ-689969 |
| ശ്രീ.അൻസൽ ഐസക്, സെക്രട്ടറി | സെക്രട്ടറി പാലക്കാട് നഗരസഭ | പനമ്പിള്ളിൽ ഹൗസ്. വെങ്ങല്ലൂർ പി.ഒ. തൊടുപുഴ – 685608 |
| സിജി വർഗീസ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ കോതമംഗലം | കണ്ണമ്പുഴ ഹൗസ് തോട്ടുമുഖം പി.ഒ. ആലുവ – 683105 |
| ശ്രീ. ജോ .ജെ. ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | ടി.സി.14/599 പാളയം വാർഡ്, തിരുവനന്തപുരം |
| ശ്രീ.ഷാജി ഒ.എം. സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | ഓലിക്കൽകുടി ഹൗസ് ചെറുവട്ടൂർ പി.ഒ. കോതമംഗലം – 686691 |
| ശ്രീ.സഞ്ജീവ് കുമാർ എസ്. ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ തൃപ്പൂണിത്തുറ നഗരസഭ | ലക്ഷ്മി സദനം ഹൗസ് പുളപ്പാടി പി.ഒ. മൂവാറ്റുപുഴ – 686673 |
| ശ്രീമതി ഫാത്തിമ എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പായിപ്പാട് ഗ്രാമ പഞ്ചായത്ത്. | റോയൽസ്, മുഴങ്ങോടി, തൊടിയൂർ പി.ഒ. കരുനാഗപ്പിള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1978-79 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1979-80 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1980-81 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1981-82 | എൽ.എഫ്.ഇ.(എം2)786/87 Dt.28.4.1987 |
| 1982-83 | എൽ.എഫ്.ഇ.(എം2)10125/87 Dt.27.10.1987 |
| 1983-84 | എൽ.എഫ്.ഇ.(എം2)269/87 Dt.30.11.1987 |
| 1984-85 | എൽ.എഫ്.ഇ.(എം2)182/88 Dt.16.7.1988 |
| 1985-86 | എൽ.എഫ്.ഇ.(എം2)1187/89 Dt.30.12.1989 |
| 1986-87 | എൽ.എഫ്.ഇ.(എം2)84/89 Dt.20.5.1992 |
| 1987-88 | എൽ.എഫ്.ഇ.(എം2)982/93 Dt.13.9.1994 |
| 1988-89 | എൽ.എഫ്.ഇ.(എം2)412/95 Dt.27.10.1995 |
| 1990-91 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1991-92 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1992-93 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |
| 1993-94 | എൽ.എഫ്.ഇ.(എം2)1187/97 Dt.27.3.1998 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ.(എം2)1294/99 Dt.12.10.2000 |
| 1998-99 | എൽ.എഫ്.ഇ.(എം2)613/2001 Dt.3.11.2001 |
| 1999-00 | എൽ.എഫ്.ഇ.(എം1)292/2002 Dt.4.2.2003 |
| 2000-01 | എൽ.എഫ്.ഇ.(എം1)1524/2003 Dt.21.4.2004 |
| 2001-02 | എൽ.എഫ്.ഇ.(എം1)232/2005 Dt.19.12.2005 |
| 2002-03 | എൽ.എഫ്.ഇ.(എം1)808/2011 Dt.2.4.2012 |
| 2003-04 | എൽ.എഫ്.ഇ.(എം1)809/2011 Dt.10.05.2012 |
| 2004-05 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2005-06 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2006-07 | എൽ.എഫ്.ഇ.(എം1)728/2008 Dt.11.1.2010 |
| 2007-08 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2008-09 | എൽ.എഫ്.ഇ.(എം1)27/2013 Dt.12.1.2013 |
| 2009-10 | എൽ.എഫ്.ഇ.(എം1)1689/2011 Dt.16.5.2012 |
| 2010-11 | എൽ.എഫ്.ഇ.(എം1)1475/2013 Dt.5.10.2013 |
| 2011-12 | എൽ.എഫ്.ഇ.(എം1)1324/2014 Dt.7.11.2014 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം(എം1) 1124/2015 , Dt. 26.08.15 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം(എം1) 1319/2016 , Dt. 04.08.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(എം1)99 /2015 , Dt. 08.02.2017 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(എം1)1776/2017 , Dt. 19.09.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(എം1)301/2019 , Dt. 19.03.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(എം2)1969/2019, Dt. 13.02.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(എം1)725/22, Dt. 20.07.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(എം1)1404/22, Dt. 12.8.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(എം1)1885/2022 ,Dt. 06/12/2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 33 dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kothamangalam Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kothamangalam Municipality for the year 2022-2023

**Date: 20/03/2024**

**Joint Director**
**District Office Ernakulam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kothamangalam Municipality for the Year 2022-2023 .

**1.Major Observations**

1) CFC (untied) grant provision is recorded as negative provision in Schedule B4 as the projects to be done using CFC (untied) grant were done using CPC (tied) without allotment.
2) Rs.12744749/- as per Demand Notice dated March 2023 of Kerala Water Authority. However, water charge arrear have not been accounted for and included as a liability in Schedule B9
3) The GST included in the restoration charge was not calculated and accounted for.

**2.Other Observations**

1) Lapses in making timely and accurate demand entries in respect of tax and non tax revenue.

2) Property tax demand, collection, balance as per Sanchaya software does not match with financial statements.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

എറണാകുളം ജില്ലയിലെ കോതമംഗലം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്